# കേരള കൗമുദി

ആഴ്ചപ്പതിപ്പ്

www.kaumudiweekly.com

2018 ജനുവരി 03 -10

₹10




## സ്വപ്നച്ചിറകിൽ ദുർഗാകൃഷ്ണ

# മാറാം പുതുവർഷത്തിൽ

R.No.65820/96 Postel Req. No. KL/TVM/ 419/ 2015-2017 TVM Kerala Kau



കഥ
ശിവദാസൻ.എ.കെ

# റൂസന്ന



സ്വപ്നം തുടങ്ങുമ്പോൾ റൂസന്ന ആകാശപ്പാലത്തിൻമേൽ കയറി നില്പാണ്. പാലത്തിന്റെ ഒരറ്റം പള്ളിമണിക്കും മീതെ നിൽക്കുന്ന വെള്ളിയാമ്പൽ മലയിലാണ്. ഇങ്ങേയറ്റം കോരൻ കുന്നിന്റെ നെറുകയിൽ നിന്ന് സൂചി കുത്തിയ പോലെ മുകളിലേക്ക് വളർന്നു പോയ വീട്ടിമരത്തിന്റെ തുഞ്ചത്തും.

ആകാശപ്പാലത്തിൽ നിന്ന് റൂസന്ന താഴേക്ക് നോക്കി. മോനിപ്പശു ചെവി വട്ടം പിടിച്ച് നിൽപ്പുണ്ട്. തന്നെയാണ് നോക്കുന്നത്. എല്ലാം പിടി കിട്ടിയ പോലെ തലയാട്ടുന്നുമുണ്ട്. കുറിഞ്ഞിപ്പൂച്ച അവിടവിടായി ചിതറി കിടക്കുന്ന രണ്ടു മൂന്ന് മീൻ മുള്ള് പെറുക്കിത്തിന്ന് മുറ്റത്തൂടെ കവാത്തു നടത്തുമ്പോഴാണ് റൂസന്നയെ കാണുന്നത്. കണ്ട പാടെ കൈയ്യുയർത്തി ടാറ്റാ പറഞ്ഞു. അതങ്ങിനെയാണ്. റൂസന്ന എന്തു ചെയ്താലും മോനിപ്പശുവിനും കുറുഞ്ഞിപ്പൂച്ചക്കുമറിയാം. അല്ലെങ്കിൽ അവരോടു ചോദിച്ചേ അവളെന്തും ചെയ്യൂ.

റൂസന്ന ചുറ്റും നോക്കി. പഞ്ഞിക്കെട്ടു പോലെ ആകാശം തലയിൽ തൊട്ടു നിൽപ്പാണ്. പിശറൻ കാറ്റ് ഇളക്കിയെടുത്ത മേഘശകലങ്ങൾ മുഖത്ത് തട്ടി പറന്നുപോകുന്നു. അപ്പോൾ തലക്കു മുകളിൽ സൂര്യനൊന്ന് മൂരി നിവർന്നു. വെയിലിന് ചൂടു കൂടിത്തുടങ്ങി. ആകാശപ്പാലത്തിൽ നിന്ന് സൂര്യനിലേക്ക് ചാരി വെച്ച ആകാശക്കോണി വഴി ഇനി റൂസന്നക്ക് മേലോട്ട് കയറണം. കാരണം അവിടെയാണല്ലോ അവൻ. അവന്റെ സ്വരമേ കേട്ടിട്ടുള്ളൂ. എന്തൊരു രസമാണെന്നോ? കേട്ടു കേട്ട് രസം പിടിച്ച് റൂസന്ന പലപ്പോഴും അവനോട് ചോദിക്കും.

"നിന്റെയൊരു ഫോട്ടോ ഫെയ്സ് ബുക്കിലിട്ടാലെന്താ?"

"സമയമാകട്ടെ. അപ്പോൾ കാണാം."

എത്ര കാലമെന്ന് കരുതിയാണ്. ഇനിയും വയ്യ. റൂസന്നക്ക് അവനെക്കണ്ടേ പറ്റൂ.

ആകാശക്കോണിക്ക് അടുത്തേക്ക് നടന്ന റൂസന്നയെ ദൈവം കണ്ടു.

"നീയെങ്ങോട്ടാ പെങ്കൊച്ചേ?"

ദൈവം ചോദിച്ചു.

"അവനെക്കാണാനാണ്."

അവൾ പറഞ്ഞു.

തിരുമുഖത്ത് ഒരു പുഞ്ചിരി വിടർന്നു.

ഉം, ഉം. പ്രണയത്തിന് അതിരുകളുണ്ടോ?

പിന്നെ അവൾ,അവളെത്തന്നെ ഞെട്ടിച്ചു കൊണ്ട് ഒരു ചോദ്യം ചോദിച്ചു.

താനെന്തിനങ്ങനെ ചോദിച്ചു എന്ന് അവൾക്ക് തന്നെ അമ്പരപ്പായി.

"അവനെ വിശ്വസിക്കാമോ?"

ഓർക്കാപ്പുറത്ത് വന്ന ചോദ്യം കേട്ട് ദൈവം പരുങ്ങലിലായി.

"അതിപ്പോൾ മനുഷ്യന്റെ കാര്യത്തിൽ..."

ദൈവം നിസ്സഹായനായതു പോലെ പറഞ്ഞു.

"വേറെ വല്ലതിന്റേം കാര്യത്തിലാണെങ്കിൽ ഉറപ്പു പറയാമായിരുന്നു."

റൂസന്ന ഒരു കാര്യം ചോദിച്ചതിന് കൃത്യമായി മറുപടി പറയാൻ പറ്റിയില്ലല്ലോ എന്ന വിഷമത്താൽ ദൈവം പെട്ടെന്ന് തന്നെ മേഘക്കൂട്ടങ്ങളിൽ മറഞ്ഞു.

ക്രിസ്മസ്സ് തലേന്നാളായിരുന്നു അന്ന്. ഇളയ കൊച്ചുങ്ങളെ പുൽക്കൂടൊരുക്കാൻ സഹായിക്കാത്തതിന് തെറതി കലി തുള്ളി റൂസന്നയെ തേടി വന്നു.

"ആ മൂധേവിക്കിപ്പം ഏതു നേരോം മൊബൈലിൽ കളിയല്ലോ. ഓരോരുത്തൻമാര് ഗൾഫീക്കെടന്ന് ഒണ്ടാക്കി വിടുന്ന ഒരേനക്കേടെ."

മുറ്റത്ത് വന്ന തെറതി അമ്പരന്നു പോയി. റൂസന്ന ആകാശപ്പാലത്തേൽ കയറി നിൽക്കുന്നു.

കാണാൻ പാടില്ലാത്തത് കണ്ടതു പോലെ തെറതിയുടെ സമസ്താംഗങ്ങളും തളർന്നു. ഉമ്മറക്കോലായിലേക്ക് തല നീട്ടി കായ്ച്ചു നിന്ന ഒരു പേരമരത്തിനെ മുറുകെ പിടിച്ച് ഒറ്റ വിളിയായിരുന്നു.

"എടീ കൊച്ചു മേരിയേ..."

ബദ്ധശത്രുവിന്റെ അനവസരത്തിലുള്ള നീട്ടിവിളി കേട്ട് അയലത്തു നിന്ന് കൊച്ചു മേരി ഓടിയെത്തി.

അതിനും കൃത്യം ഒരു കൊല്ലം മുമ്പ് മീൻ കഴുകിയ വെള്ളം പറമ്പിലേക്ക് നീട്ടിയൊഴിച്ചെന്ന ആരോപണത്തിൻമേൽ അവർ അങ്ങുമിങ്ങും പറഞ്ഞ പച്ചത്തെറികളും, പിന്നീട് രഹസ്യമായി കെട്ടഴിച്ചു വിട്ട പരദൂഷണങ്ങളുമെല്ലാം മറന്ന് കൊച്ചുമേരി തെറതിയെ നോക്കി ചിരിച്ചു.

"ദെന്തേ ഇച്ചേച്ചി"

"എന്റേടി നീയ്യിതു വല്ലോം കണ്ടോ?"



തെറതി മേലേക്ക് കൈ ചൂണ്ടി.

കൊച്ചു മേരിയുടെ വാ പിളർന്നു പോയി.

ആകാശപ്പാലത്തിൽ റൂസന്ന നിൽക്കുന്നത് കൊച്ചു മേരി കണ്ടു. റൂസന്നയുടെ കാൽവണ്ണകളുടെ വെളുപ്പ് മേരിയുടെ കണ്ണിൽ വന്നു മുട്ടി.

''ന്റെ കർത്താവേ, വല്ലാത്തൊരു നില്പാണല്ലോ പെണ്ണിന്റെ?''

"പെണ്ണിന്റെ അപ്പനെ വിളിച്ച് പറയെന്റെ ചേച്ചി..."

''ഓ ആ മണകൊണാഞ്ചൻ കാർന്നോരൊന്നും ഒന്നും ചെയ്യില്ലെന്നേ. അങ്ങോര് ചൊവ്വൊണ്ടാർന്നേ യെവള് ഇങ്ങനെ നെഗളിക്കുമാർന്നോ?''

"ഇപ്പെണ്ണിതെന്നാ കരുതിയിട്ടാ. ഇളയതുങ്ങള് രണ്ട് പെങ്കൊച്ചുങ്ങളല്ല്യോ."

''ഓ അവളുടെ അങ്കിള് ഗൾഫീന്ന് കൊടുത്ത മൊബൈലേലല്ല്യോ അഭ്യാസം. ഞാനെന്തു പറഞ്ഞാലും രണ്ടാനമ്മയല്ല്യോ."

തെറതി തലയ്ക്ക് കൈ കൊടുത്ത് നിലത്തിരുന്നു.

കൊച്ചുമേരി ശബ്ദം താഴ്ത്തി പറഞ്ഞു.

"ഇവക്കടെ അമ്മയെന്തായിരുന്നു തരം. പിന്നെയിവളെ പറഞ്ഞിട്ടെന്തിനാ?"

"അതൊക്കെ പിന്നെപ്പറയാം. നീ നാട്ടുകാര് കൂട്ടുന്നതിനു മുമ്പേ ഒരു വഴി പറഞ്ഞു താ."

"നമ്മക്ക് ആ പുളിയിലക്കണ്ടനെ വിളിച്ച് വീട്ടിയങ്ങ് മുറിച്ചാലോ."

''വീട്ടിയുടെ തുഞ്ചത്തല്ലെ പാലത്തിന്റെ ഒരു തല. പാലം വീണാൽ പെണ്ണ് താഴത്തെത്തുമല്ലോ?"

''എന്നാ എന്റെ പൊന്നു മേരി നീയങ്ങോരെ ഒന്ന് വിളിച്ചോണ്ടു വാ..."

തെറതി തെരുതെരെ ഏമ്പക്കം വിട്ടു.

"ന്റെ മാതാവെ എനിക്ക് വയ്യായെ"

തൊഴുത്തിൽ നിന്ന് ഒന്നു മുരണ്ട മോനിഷക്കുട്ടിവിനു നേരെ തെറതി കുതിച്ചു ചാടി.

"എരണം കെട്ടവള്. മിണ്ടരുത്. നീയൊക്കെ കൂടിയാ ആ പെണ്ണിനെ ഇത്രക്ക് വഷളാക്കുന്നത്."

പുളിയിലക്കണ്ടൻ ഓടി വരികയായിരുന്നു.

കൊച്ചുമേരിയുടെ നിറമാറിലേക്ക് ഒരൊളിനോട്ടമിട്ട് അയാൾ തെറതിയോട് ചോദിച്ചു.

"ഒള്ളതാണോ തെറതി?"

"ദേ നോക്ക്"

തെറതി കൈചൂണ്ടിക്കാണിച്ചു.

പുളിയിലക്കണ്ടന്റെ കണ്ണിനു മുകളിൽ റൂസന്നയുടെ വെളുവെളുത്ത കാൽവണ്ണ തെളിഞ്ഞു. അതിലും മുകളിലേക്ക് കയറിയ കണ്ണുകൾ മനസ്സില്ലാമനസ്സോടെ തിരിച്ചിറക്കി കണ്ടപ്പൻ പറഞ്ഞു.

"അതവിടെ നിന്നോട്ടെ തെറതി. അതിന് നിങ്ങക്കെന്നാ."

തെറതിക്ക് ചൊറിഞ്ഞുകയറി വന്നു.

"അതിന് ഇതിയാന്റെ വീടിന് മേലെ പാലം കെട്ടി സ്വന്തം പിള്ളാരെ കേറ്റി നിർത്ത്" എന്നു പറയാനാഞ്ഞതാണ്. പക്ഷേ കാര്യം നടക്കണ്ടേ.

R.No.65820/96 Postel Reg. No. KL/TV(N) 419/2015-2017, TVM Kerala Kaumudi

"അങ്ങനെയങ്ങ് പറഞ്ഞൊഴിയാമോ ചേട്ടാ. ഞാൻ രണ്ടാനമ്മയല്ലേ. എന്തു വന്നാലും പേരു ദോഷം എനിക്കാന്നേ. ചേട്ടനെന്തെങ്കിലും ചെയ്ത് പാലമൊന്ന് മുറിച്ചിട്."

തന്റെ മാറിന നേരെ വീണ്ടും വന്ന ഒളിനോട്ടത്തെ പുറം തിരിഞ്ഞ് നിന്ന് പ്രതിരോധിച്ചു കൊണ്ട് മേരി ഉള്ളിൽ പറഞ്ഞു.

"കെഴട്ട തന്ത. പ്രായമെത്രയായീന്നാ"

തന്റെ ശിഷ്യൻ ബാബുവും, കൊച്ചു മേരിയും തമ്മിലുള്ള പറഞ്ഞു കേൾക്കുന്ന അവിഹിതത്തെക്കുറിച്ചായിരുന്നു പുളിയിലക്കണ്ടൻ അപ്പോൾ ചിന്തിച്ചത്.

"നിർബന്ധമാണേ നോക്കാം. രണ്ട് തച്ച് പണിയൊണ്ട്."

"കാശൊക്കെ തരാം ചേട്ടാ. ഇതെന്നാ ഞാൻ ചേട്ടന് വല്ല കടോം ബാക്കി വെച്ചിട്ടുണ്ടോ?"

കടക്കണ്ണു കറക്കി തെറതി ചോദിച്ചു.

അവൾ കെട്ടിക്കേറി വന്ന കാലത്ത് കുളക്കടവിൽ ഒറ്റമുണ്ടുടുത്ത് കുളിച്ച് തന്നെ മോഹിപ്പിച്ചതിന്റെ ഒരു കടം പുളിയിലകണ്ടന്റെ മനസ്സിൽ തികട്ടി വന്നു.

ഇരുതല മൂർച്ചയുള്ള കൈക്കോടാലിയുമായി അയാൾ വീട്ടിമരത്തിനടുത്തേക്ക് നടന്നു. കൈക്കോടാലിയുടെ വാത്തല വെയിലിൽ തെളിഞ്ഞു മിന്നി. അത് റൂസന്നയെ നോക്കി പറഞ്ഞു.

"ഇപ്പോ കാണിച്ചു തരാം."

തഴക്കവും, പഴക്കവുമുള്ള പുളിയിലക്കണ്ടന്റെ കൈക്കോടാലി വീട്ടിമരത്തിനു ചുവട്ടിൽ കൃത്യമായി പതിക്കാൻ തുടങ്ങി.

റൂസന്നക്ക് പരിഭ്രമമായി.

പാലത്തിൽ നിന്ന് വീഴുന്നതല്ല. അവനെ കാണാനൊത്തില്ലല്ലോ.

ഓരോ വെട്ടിനും ഈട്ടിമരം വിറച്ചു.

അത് നിസ്സഹായതയോടെ റൂസന്നയെ നോക്കി. ഒടുവിൽ ഒരു നീണ്ട നിലവിളിയോടെ മരം വീണു. അയ്യോ എന്ന നിലവിളിയോടെ റൂസന്നയും.


കട്ടിലിൽ നിന്ന് നിലത്തുവീണു കിടക്കെ റൂസന്ന അപ്പുറത്ത് നിന്ന് തെറതിയുടെ ഒച്ച കേട്ടു.

ഇന്നെന്തേ പശുക്കറവും, പാലു വില്പനേം ഒന്നും വേണ്ടെന്നാണോ.

റൂസന്ന പിടഞ്ഞെഴുന്നേറ്റു. ഒരു കപ്പ് വെള്ളം മുഖത്തൊഴിച്ചു. വേഗം തൊഴുത്തിലേക്ക് നടന്നു. വഴിയെ തന്നെകണ്ട് ചിണുങ്ങിയ കുറിഞ്ഞിപ്പൂച്ചയെ കണ്ടില്ലെന്ന് നടിച്ചു.

മോനിപ്പശുവിന്റെ പുറത്ത് ഒരു ബക്കറ്റ് വെള്ളമൊഴിച്ചു. ബാക്കി ഒരു കപ്പ് വെള്ളമെടുത്ത് അകിടു കഴുകി. താൻ ആകാശപ്പാലത്തിൽ കയറി നിന്നതും , പുളിയിലക്കണ്ടൻ പാലം മുറിച്ചതുമൊക്കെ സ്വപ്നത്തിൽ കണ്ടതും ഒടുവിൽ കട്ടിലിൽ നിന്ന് നിലത്ത് വീണതുമെല്ലാം മോനിപ്പശു അറിഞ്ഞു കാണുമോ എന്ന ചമ്മലിൽ അവൾ പശുവിനെ നോക്കി.

ഇല്ല. ഒന്നും അറിഞ്ഞിട്ടില്ല. അറിഞ്ഞെങ്കിൽ ആ കണ്ണിലൊരു കള്ളച്ചിരി കണ്ടേനെ. കറന്നു വെച്ച പാൽ കുപ്പിയി





ലാക്കുമ്പോഴേക്കും റൂസന്ന ഒരുറച്ച തീരുമാനത്തിലെത്തിയിരുന്നു. അവനെ വിളിക്കണം. എന്തു വന്നാലും വരാൻ പറയണം. അവനെ കാണാതെ ഇനി വയ്യ. ഇന്നു രാത്രി പിള്ളേരുടെ കരോൾ സംഘത്തിനൊപ്പം റൂസന്നയുണ്ടാവില്ല. നാളത്തെ ക്രിസ്തുമസ്സ് മോനിപ്പശുവിനും, കുറിഞ്ഞിപ്പൂച്ചക്കുമൊപ്പം ആഘോഷിക്കാൻ റൂസന്നയുണ്ടാവില്ല. റൂസന്ന ഇന്ന് ഉച്ചകഴിഞ്ഞ് നാടു വിട്ടു പോകും.

ഉച്ച തിരിഞ്ഞ് കൂട്ടുകാരി ഇസബെല്ലയെ കാണാനെന്നു പറഞ്ഞ് റൂസന്ന വീടു വിട്ടിറങ്ങി. ഒരു പ്ലാസ്റ്റിക്കൂട്ടിൽ അവൾ നാളേക്കുള്ള ജീവിതത്തെ പൊതിഞ്ഞെടുത്തിരുന്നു. ഫോണിൽ അവൻ കാത്തുനിൽക്കുമെന്ന് പറഞ്ഞ ഇടത്തെ ഒന്നു കൂടി അവൾ മനസ്സിലുറപ്പിച്ചു. പട്ടണത്തിലേക്കുള്ള ബസ് അവളെ റെയിൽവേസ്റ്റേഷനോളം കൊണ്ടുചെന്നാക്കി യാത്ര പറഞ്ഞു പിരിഞ്ഞു. വീണ്ടും മുന്നോട്ടു പോകെ ബസ് വെറുതേ ഒന്ന് തിരിഞ്ഞുനോക്കി. വീട്ടിൽ നിഴലുകളോട് മാത്രം സംസാരിച്ചിരുന്ന ഒരു പെൺകുട്ടി വലിയ തിരക്കിലേക്കമർന്ന് ഞെങ്ങി ഞെരുങ്ങിപ്പോകുന്നത് അത് കണ്ടു.

ട്രെയിനിലെ ആൾക്കൂട്ടത്തിനിടയിൽ ഒറ്റക്ക് റൂസന്ന ഇരുന്നു. തന്നെ കാണാതെ കുറിഞ്ഞിപ്പൂച്ചയും , മോനിപ്പശുവും സങ്കടപ്പെട്ടുമായിരിക്കും. ആ കരിപ്പിടച്ചി കോഴിക്കു മാത്രം ഒന്നും പിടി കിട്ടിയിട്ടുണ്ടാവില്ല. അല്ലെങ്കിലും അവൾക്കും കുഞ്ഞുങ്ങൾക്കും ഒറ്റ ചിന്തയല്ലേ ഉള്ളൂ. തീറ്റ തന്നെ തീറ്റ. തെറതി കലി തുള്ളും. മക്കളുടെ വളർത്തു ദോഷത്തിന്റെ പേരിൽ അപ്പന് തെറതിയിൽ നിന്ന് തെറി കേൾക്കേണ്ടി വരും. ആന്റപ്പനങ്കിൾ ഗൾഫിൽ നിന്ന് വിളിക്കും.

ഏത് വിളിക്ക് കാതു കൊടുത്തില്ലേലും അങ്കിളിനോട് നുണ പറയാൻ വയ്യ. ഇങ്ങനെയൊരു സാഹസം അങ്കിൾ അംഗീകരിക്കുമോ? താനാ വീട്ടിലനുഭവിക്കുന്നതെല്ലാം അങ്കിളിനറിയാവുന്നതല്ലേ. പക്ഷേ ഓരോ തവണ വിളിക്കുമ്പോഴും ഒളിച്ചോടാനല്ലല്ലോ അങ്കിൾ പറയാറുള്ളത്. പഠിക്കാനല്ലേ. പഠിച്ച് ജയിക്കാനല്ലേ?

റൂസന്നക്ക് ഈ ഭൂമിയിൽ മനസ്സു തുറന്ന് സ്നേഹിക്കാൻ ഉണ്ടായിരുന്നത് അങ്കിളാണ്. പിന്നെയാണ് അവൻ വന്നത്. അവന് ചുരുളൻ മുടിയായിരിക്കും. റൂസന്നക്ക് ചുരുളൻ മുടിക്കാരെ ഇഷ്ടമാണ്. തന്നെ കാണാൻ വരുമ്പോൾ അവൻ ചുവന്ന ഉടുപ്പ് ധരിക്കാമെന്നേറ്റിട്ടുണ്ട്. അത് പെട്ടെന്ന് തിരിച്ചറിയാമല്ലോ. താൻ ഇനി തിരിച്ചു പോകുന്നില്ല എന്ന് അവനോട് പറഞ്ഞിട്ടില്ല. അതറിയുമ്പോൾ അവന്റെ പ്രതികരണമെന്തായിരിക്കും. അവന് തന്നെ അങ്ങനെ കൈയ്യൊഴിയാനാകുമോ. റൂസന്നയെ പ്രേമിക്കാൻ ആരൊക്കെ പിന്നാലെ നടന്നിരിക്കുന്നു. പള്ളിയിൽ, സ്കൂളിൽ എന്നിട്ടും റൂസന്നക്കിഷ്ടം തോന്നിയത് കാണാത്തൊരുത്തനോടാണ്. അവന്റെ സ്വരത്തോടാണ്.

ആരോടും പരിഭവമോ, പരാതിയോ ഇല്ലാതെ ട്രെയിൻ ഓടിക്കൊണ്ടേയിരുന്നു. എത്താൻ പോകുന്ന ഇടത്തെക്കുറിച്ച് ഇരുമ്പുചക്രങ്ങൾ കൊട്ടിപ്പാടി. നീണ്ട കാത്തിരിപ്പിന്റെ മേളം. പുറത്ത് പതിയെ ഇരുട്ട് വീഴാൻ തുടങ്ങി. ഇരുട്ടിന്റെ പള്ളയിലിരുന്ന് വെളിച്ചങ്ങൾ മിന്നുന്നു. നിറയെ കൊട്ടിപ്പാട്ടുമായി ഒരു കരോൾ സംഘം റോഡിലൂടെ കടന്നു പോകുന്നു. ആകാശത്തും ഭൂമിയിലും നക്ഷത്രങ്ങൾ തിളങ്ങുന്നു. ദൂരെ റൂസന്നയില്ലാത്ത നാട്ടുവഴിയിലൂടെ ഒരു കരോൾ സംഘം പോകുന്നുണ്ട്. സെമിത്തേരിയിൽ റൂസന്നയുടെ അമ്മയുടെ കുഴിമാടത്തിന് തലയ്ക്കൽ ഒരു വെളുത്ത പൂവ് വിടർന്നിരിക്കുന്നു.

ഭൂമിയുടെ അറ്റത്തെത്തിയെന്നോണം ട്രെയിൻ നിന്നു. ഇനിയങ്ങോട്ട് റെയിൽപാതയില്ല. വരാനോ, പോകാനോ ആളില്ലാതെ സ്റ്റേഷൻ മെലിയാൻ തുടങ്ങി. റൂസന്നയുടെ മിഴികൾ ചുവപ്പു ഷർട്ടുകാരനായ ചുരുണ്ട മുടിക്കാരനെ തിരഞ്ഞു.

'അവനെവിടെ?'

റെയിൽവേസ്റ്റേഷന്റെ വാടിയ ഗന്ധവുമായി ഇരുട്ട് മാത്രം കണ്ണിൽ തടഞ്ഞു. ദൂരെ മൊബൈൽ ഫോണിനറ്റത്ത് ആളില്ലാത്ത സന്ദേശമായി റൂസന്നയുടെ വിളികൾ തിരികെ വന്നു. ഒറ്റക്കിരിക്കുന്ന റൂസന്നയുടെ നേരെ ഇരുട്ടിന്റെ ഒരായിരം കണ്ണുകൾ കൂർത്തു. വെളുത്ത ഉടുപ്പിട്ട ഒരു റെയിൽവേ ഗാർഡിന്റെ മുഖം പലവട്ടം നിശബ്ദ ചോദ്യങ്ങളുയർത്തി കടന്നു പോയി.

തലയിൽ നിറയെ മുല്ലപ്പൂ ചൂടിയ ഒരു തമിഴത്തി ചോദിക്കുന്നു

"നീ ആരെ പാർക്കറുത്ക്ക് വന്തേൻ?"

അവൾ വന്നപ്പോൾ ഇരുട്ടിലൊളിച്ച കുറേ ഗന്ധങ്ങളും കൂടെ വന്നു. തമിഴത്തിയുടെ മുടിക്കെട്ടിൽ ചൂടിയ മുല്ലപ്പൂക്കൾ റൂസന്നയെ കണ്ട് ചിരിച്ചു.

ഇരുട്ടിലൊളിക്കാനാവാത്ത പോലെ റൂസന്ന അമ്പരന്നിരുന്നു.

അവൻ വരില്ല എന്ന് ഉറപ്പായികഴിഞ്ഞിരിക്കുന്നു.

റൂസന്നക്ക് സ്വപ്നം ഓർമ്മ വന്നു.

ദൈവം പോലും ഉറപ്പ് പറയാത്തിടത്ത് മനുഷ്യന് എന്തുറപ്പ്.

രാത്രി നീളുകയാണ്. ഏകാന്തതയോട് കണ്ണുപൊത്തിക്കളിച്ച് റൂസന്നക്ക് എത്ര നേരം ഇരിക്കാൻ കഴിയും. ഇതവളുടെ വീടല്ല. അവളറിയുന്നവരൊ, അവളെ അറിയുന്നവരൊ ഇല്ല. അതു കൊണ്ട് മാത്രം നാമിടപെടുകയാണ്. ഇക്കാലത്ത് എത്ര നേരം ഒരു പെൺകുട്ടിയെ രാത്രിയിൽ ഒറ്റക്ക് വിടും. അതു കൊണ്ട് തന്നെ ഇത്രയും നേരം റൂസന്നയോടൊപ്പമുണ്ടായിരുന്ന നാം ഇനി മൂന്നായി പിരിയുകയാണ്.

അതിലൊരു കൂട്ടർക്ക് അവളുടെ ഒപ്പം റെയിൽപ്പാളത്തിലൂടെ നടക്കാം. ഇനി വീട്ടിലേക്ക് തിരിച്ചു ചെല്ലാൻ റൂസന്നക്കാവില്ല. തെറതിയുടെ കലി തുള്ളൽ, അപ്പന്റെ മൗനം, കൂട്ടുകാരുടെ കളിയാക്കൽ. ഒരു പുഴക്ക് മീതെയുള്ള റെയിൽവേ പാലത്തിൻമേൽ റൂസന്ന നിൽക്കുന്നു. അവളെ തിരിച്ചറിയാനുള്ള ബാഗ് ആദ്യം പുഴക്ക് കൊടുക്കുന്നു. പിന്നെ അവളും പുഴയോടൊപ്പം ഒഴുകുന്നു. ഒടുവിൽ ഒരജ്ഞാത മൃതശരീരമായി ഒരിടത്തും, കാണാതെ പോയ പരാതിയായി മറ്റൊരിടത്തും രണ്ട് പരസ്പര പൂരകമല്ലാത്ത ചോദ്യചിഹ്നമായി അങ്ങനെ തുടരുന്നു.

മറ്റൊരു കൂട്ടർക്ക് തമിഴത്തിയോടൊപ്പം വരാം. റൂസന്നയെ കൂടെക്കൂട്ടാം. റെയിൽവേസ്റ്റേഷന്റെ പിന്നിലെ ഇരുട്ടിലേക്ക് മുല്ല പൂത്ത മണത്തോടൊപ്പം മറഞ്ഞു പോകാം. അവളോടൊപ്പം ഇരുട്ട് ചമക്കുന്ന ഒത്തിരി ഗന്ധങ്ങളുണ്ട്. അവിടെ പുതിയ തമിഴത്തിയായി റൂസന്നയുണ്ട്. അവൾ നിങ്ങളോട് ചോദിക്കുന്നുണ്ട്.

"നീങ്ക ആരെ പാർക്കറുത്ക്ക് വന്തേൻ?"

അതിനും പറ്റാത്തവർക്ക് റൂസന്നയുടെ പുലർകാല സ്വപ്നത്തെ ഈ റെയിൽവേസ്റ്റേഷനോളം വലിച്ചു നീട്ടാം. അവനെ കാണാത്ത ദുഃഖത്തിൽ കിടക്കയിൽ കിടന്നുരുളുന്ന അവളെ തെറതിയുടെ ഒരു ഗ്രൻ പ്രാക്കിൽ ഉണർത്താം. ഇപ്പോൾ മുഖം കഴുകി റൂസന്ന മോനിപ്പശുവിനെ കറക്കാൻ തൊഴുത്തിലേക്ക് പോകുന്നു. മോനിപ്പശു ചുരത്തുന്നതത്രയും വെളുവെളുത്ത പാലെടുത്ത് കുപ്പികളിൽ നിറക്കുന്നു.